(ഡി) ഉണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ആർ.എം.എസ്.എ.-യുടെ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ജില്ലാ പ്രോജക്ട് ഓഫീസറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട് ഇതു കൂടാതെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും ആവശ്യമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അതുല്യം പദ്ധതി

23(*113) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ലീപ് കേരള" മിഷന്റെ ഭാഗമായി ആരംഭിക്കുന്ന അതുല്യം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ആകെ ചെലവ് എത്രയാണ് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലൂടെ നിലവിലുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) 1. സമഗ്ര നാലാംതരം തുല്യതാ പരിപാടി

2. സമ്പൂർണ്ണ പ്രാഥമിക തുല്യത

3. പരിപൂർണ്ണ സാക്ഷരത

4. പരിപൂർണ്ണ നാലാംതരം തുല്യത

5. ഇ–സാക്ഷരത

6. വ്യത്യസ്തശേഷികളുള്ളവർക്ക് പ്രത്യേക തുല്യത.

(ബി) 'അതുല്യം' ഒന്നാംഘട്ട നടത്തിപ്പിനായി 6 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രതീക്ഷിക്കുന്ന ചെലവുകളുടെ ഇനം തിരിച്ച പട്ടിക താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. സർവ്വെ	–	27,35,000
2. പാഠപുസ്തകം	–	94,50,000
3. പരിശീലനം	–	53,90,000
4. ക്ലാസ് കോർഡിനേറ്റർമാർ	–	2,10,00,000
5. പ്രിന്റിംഗ് & സ്റ്റേഷനറി	–	15,00,000
6. സമ്പൂർണ്ണ സർവ്വെ	–	80,00,000
7. പ്രചാരണ പ്രവർത്തനങ്ങൾ	–	11,75,000
8. പ്രചാരണ ജാഥകൾ	–	11,00,000
9. ഡോക്യുമെന്റേഷൻ, ഡോക്യുമെന്ററി ഫിലിം ഗാനങ്ങൾ, സി.ഡി.	–	10,00,000
10. യാത്രാ ചെലവുകൾ,വാഹനം	–	20,75,000
11. മേഖലാ ഓഫീസുകൾ പ്രാരംഭ ചെലവുകൾ	–	6,00,000
12. ഭരണപരമായ ചെലവുകൾ	–	30,00,000
ആകെ		6,00,00,000

(സി) നിലവിലുള്ള സാക്ഷരതാ പ്രവർത്തനങ്ങൾക്കു പുറമേ നവസാക്ഷരരെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി അവരെ നാലാംതരം തുല്യതയിലേക്ക് എത്തിക്കുന്ന പ്രത്യേക പദ്ധതിയാണ് അതുല്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ബഹുജന പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ അതുല്യം പഠിതാക്കൾക്ക് ലളിതവും ആകർഷകവുമായ രീതിയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കി സൗജന്യമായി വിതരണം ചെയ്ത് ഒരു തീവ്രയത്ന പരിപാടിയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. അതുല്യം പദ്ധതിയുടെ ഒന്നാംഘട്ടം അവസാനിപ്പിക്കുമ്പോൾ കേരളത്തിലെ മുഴുവൻ പേരെയും നാലാംതരം തുല്യതയിലെത്തിച്ചുകൊണ്ട് കേരളത്തെ സമ്പൂർണ്ണ പ്രാഥമിക തുല്യത കൈവരിച്ച സംസ്ഥാനമാക്കി മാറ്റുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly